ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.11.2025**

## പ്രധാനവാർത്തകൾ

1. എറണാകുളം-ബെംഗളൂരു വന്ദേഭാരത് എക്സ്പ്രസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു.

2. തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമെറേഷൻ ഫോം ഒപ്പിട്ടു നൽകുന്ന മുഴുവൻ പേരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

3. മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തലപ്പത്തേയ്ക്കെന്ന് സൂചന.

4. ആകാശവാണി സംഗീത സമ്മേളനത്തിന് തിരുവനന്തപുരം വൈലോപ്പള്ളി സംസ്കൃതി ഭവനിൽ ഇന്ന് തിരിതെളിയും.

5. മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്രബാൽ തിരുവനന്തപുരത്ത് അന്തരിച്ചു.

6. ഇന്ത്യ -ഓസ്ട്രേലിയ ട്വന്റി - 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് ബ്രിസ്ബേനിൽ.

RNU TVPM

&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി- വന്ദേഭാരത്</u>

എറണാകുളം-ബെംഗളൂരു വന്ദേഭാരത് എക്സ്പ്രസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. മലയാളികൾ കാത്തിരുന്ന ട്രെയിനിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിങ് മുഖേനയാണ് പ്രധാനമന്ത്രി നിർവ്വഹിച്ചത്. ഇതുൾപ്പെടെ നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ശ്രീ മോദി ഇന്ന് വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. കേരളത്തിന് അനുവദിച്ച മൂന്നാമത്തെ വന്ദേ ഭാരത് ട്രെയിനാണിത്. എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രസഹമന്ത്രിമാരായ ജോർജ്ജ് കുര്യൻ, സുരേഷ്ഗോപി തുടങ്ങിയവർ പങ്കെടുത്തു.

RNUTVPM

&&&&&&&&&&&&&&&&

<u>വന്ദേഭാരത്- പ്രതികരണം- ഇൻട്രോ</u>

കേരളത്തിന്റെ റെയിൽവേ വികസനത്തിന് വേണ്ടി ഇനിയും തുക ചിലവഴിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. റെയിൽവേ പാതകളുടെ വളവ് നിവർത്തനായാൽ വന്ദേ ഭാരത് പോലുള്ള ട്രെയിനുകളുടെ വേഗത ഇനിയും വർധിപ്പിക്കാനാകുമെന്നും പുതിയ എറണാകുളം വന്ദേ ഭാരത്തിൽ യാത്ര നടത്തവേ ശ്രീ സുരേഷ്ഗോപി പറഞ്ഞു.

( വോയിസ്.....)

എറണാകുളത്ത് നിന്നും ബംഗളൂരു വരെയുള്ള അതിവേഗ ട്രെയിൻ എന്ന നാടിൻറെ പൊതു ആവശ്യം

യാഥാർഥ്യമാക്കിയ കേന്ദ്ര സർക്കാരിന് നന്ദി അറിയിക്കുന്നതായും ചടങ്ങിൽ പങ്കെടുത്ത മന്ത്രി പി രാജീവ് പറഞ്ഞു.

( വോയിസ്.....)

&&&&&&&&&&&&&&&&

<u>നിയമസഹായം വിതരണം- പ്രധാനമന്ത്രി</u>

സുപ്രീം കോടതിയിലെ നിയമസഹായ വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ദേശീയ സമ്മേളനം ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ദേശീയ ലീഗൽ സർവീസ് അതോറിറ്റി തയ്യാറാക്കിയ കമ്മ്യൂണിറ്റി മീഡിയേഷൻ പരിശീലന മൊഡ്യൂളിന്റെ ഉദ്ഘാടനവും അദ്ദേഹം ചടങ്ങിൽ നിർവ്വഹിക്കും. നിയമ സഹായ ഡിഫൻസ് കൗൺസൽ സിസ്റ്റം, പാനൽ അഭിഭാഷകർ, പാരാ-ലീഗൽ വളണ്ടിയർമാർ, സ്ഥിരം ലോക് അദാലത്തുകൾ തുടങ്ങിയ നിയമ സേവനങ്ങളുടെ പ്രധാന വശങ്ങളെക്കുറിച്ച് രണ്ട് ദിവസത്തെ സമ്മേളനം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&

<u>രാഷ്ട്രപതി സന്ദർശനം</u>

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ അംഗോള, ബോട്സ്വാന സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ശ്രീമതി മുർമു നാളെ പ്രസിഡന്റ് ലോറൻസോയുമായി ഉഭയകക്ഷി ചർച്ച നടത്തും. ചൊവ്വാഴ്ച അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി

അംഗോള പാർലമെന്റിനെ അഭിസംബോധന ചെയ്യും. ഇന്ത്യൻ സമൂഹവുമായി രാഷ്ട്രപതി സംവദിക്കും.

**&&&&&&&&&&&&&&&&**

**<u>വോട്ടർപട്ടിക- തെരഞ്ഞെടുപ്പ് ഓഫീസർ</u>**

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമെറേഷൻ ഫോം ഒപ്പിട്ടു നൽകുന്ന മുഴുവൻ പേരെയും കരട് പട്ടികയിൽ ഉൾപ്പെടുത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. SIR വു മായി ബന്ധപ്പെട്ട് തിരെഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത സർവ്വകക്ഷി യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സംസ്ഥാനത്തിതുവരെ 36 ലക്ഷത്തിലധികം പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തു. പരിശോധനയ്ക്കായി ആവശ്യമെങ്കിൽ 12 രേഖകളിൽ ഒന്ന് ഹാജരാക്കണം. BLO, BLA മാർ തമ്മിൽ സഹകരണം ഉറപ്പാക്കും. പ്രവാസി വോട്ടർമാർക്ക് നോർക്ക മുഖേന ബോധവത്കരണം നൽകും.

RNU TVPM

**&&&&&&&&&&&&&&&&**

**<u>ജയകുമാർ-ഇൻട്രോ</u>**

മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ തിരുവിതാംകൂർ ദേവസ്വം ബോർഡ് തലപ്പത്തേക്ക്. ഇത് സംബന്ധിച്ച പ്രഖ്യാപനം ഉടനുണ്ടാകുമെന്നാണ് സൂചന. ഏൽപ്പിക്കുന്ന ചുമതല ഉത്തരവാദിത്തത്തോടെ നിർവഹിക്കുമെന്ന് ശ്രീ ജയകുമാർ പ്രതികരിച്ചു. പതിനേഴാം തിയതി ആരംഭിക്കാനിരിക്കുന്ന മണ്ഡലകാലത്ത് തീർത്ഥാടകർക്ക്

ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

( വോയിസ്.....)

**&&&&&&&&&&&&&&&&**

## മുഖ്യമന്ത്രി- അബുദാബി

രണ്ടു ദിവസത്തെ യു എ ഇ സന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ അബുദാബിയിൽ എത്തി. ഇന്ത്യൻ അംബാസഡർ ദീപക് മിത്തൽ, ലോക കേരള സഭാംഗങ്ങൾ തുടങ്ങിയവർ മുഖ്യമന്ത്രിയെ സ്വീകരിച്ചു.

**&&&&&&&&&&&&&&&&**

## രഘുചന്ദ്രബാൽ അന്തരിച്ചു

മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ എം ആർ രഘുചന്ദ്രബാൽ തിരുവനന്തപുരത്ത് അന്തരിച്ചു. 75 വയസായിരുന്നു. 1991 ൽ കെ കരുണാകരൻ മന്ത്രിസഭയിലെ എക്സൈസ് മന്ത്രിയായിരുന്നു. 1980 കോവളത്ത് നിന്നും 1991 ൽ പാറശാലയിൽ നിന്നും നിയമസഭയിലെത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## ജെയിംസ് വാട്സൺ

ഡിഎൻഎയുടെ ഇരട്ട-ഹെലിക്സ് ഘടന കണ്ടെത്തിയ ശാസ്ത്രജ്ഞൻ ജെയിംസ് വാട്സൺ അന്തരിച്ചു. 97 വയസായിരുന്നു. 1953-ൽ ഫ്രാൻസിസ് ക്രിക്കിനൊപ്പം ചേർന്ന് ഡിഎൻഎയുടെ ഇരട്ട-ഹെലിക്സ് ഘടന കണ്ടെത്തി.

PRD TVPM

വിപ്ലവകരമായ ഈ കണ്ടെത്തലിന് ഇരുവരും 1962-ൽ വൈദ്യശാസ്ത്രത്തിലെ നൊബേൽ സമ്മാനത്തിന് അർഹരായിരുന്നു.

&&&&&&&&&&&&&&&&

<u>പുസ്തക പ്രകാശനം മുഖ്യമന്ത്രി</u>

കേരള ലോകായുക്തയുടെ ആഭിമുഖ്യത്തിൽ "കേരള ലോകായുക്ത ആക്റ്റ് ആൻഡ് റൂൾസ്" പുസ്തകത്തിന്റെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ ചൊവാഴ്ച നിർവ്വഹിക്കും. സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ സംസ്ഥാന പിന്നാക്കവർഗ കമ്മീഷൻ ചെയർമാനും മുൻ ഉപലോകായുക്തയുമായ ജസ്റ്റിസ് ജി. ശശിധരൻ പുസ്തകം ഏറ്റുവാങ്ങും.

RNUTVPM

&&&&&&&&&&&&&&&&

<u>കേരള സാഹിത്യ അക്കാദമി അവാർഡ്</u>

2025-ലെ കേരള സാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾക്കുള്ള ഗ്രന്ഥങ്ങൾ ക്ഷണിച്ചു. 2022 മുതൽ 2024 വരെയുള്ള വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച കവിത, നോവൽ, നാടകം, ചെറുകഥ എന്നീ വിഭാഗങ്ങളിലാണ് അക്കാദമി അവാർഡുകൾ നൽകുന്നത്. അടുത്തമാസം 15 വരെ അപേക്ഷകൾ അയക്കാം.

&&&&&&&&&&&&&&&&

<u>കൽപ്പാത്തി- ഇൻട്രോ</u>

പാലക്കാട് കൽപ്പാത്തി രഥോത്സവം കൊടിയേറി. പ്രധാനപ്പെട്ട നാല് ക്ഷേത്രങ്ങളിലും കൊടിയേറ്റ് ചടങ്ങുകൾ നടന്നു. രഥോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാ ഭരണകൂടം ഒരുക്കങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. ഈ മാസം 14 നാണ് ഒന്നാം തേരുത്സവം.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയിസ്)

**&&&&&&&&&&&&&&&&**

## ആകാശവാണി സംഗീത സമ്മേളനം

ആകാശവാണി സംഗീത സമ്മേളനത്തിന് തിരുവനന്തപുരത്ത് ഇന്ന് തിരിതെളിയും. ആകാശവാണി തിരുവനന്തപുരം നിലയം സംഘടിപ്പിക്കുന്ന പരിപാടി വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വൈകുന്നേരം 5.45 ന് ആരംഭിക്കും. പത്മശ്രീ കെ.ഓമനക്കുട്ടിയുടെ സാന്നിധ്യത്തിൽ നടക്കുന്ന സമ്മേളനത്തിൽ കുടമാളൂർ മുരളീധരമാരാരും സംഘവും അവതരിപ്പിക്കുന്ന പഞ്ചവാദ്യം, എൻ.ജെ.നന്ദിനിയുടെ സംഗീതക്കച്ചേരി, അജിത് ജി.കൃഷ്ണൻ, എസ്.ആർ.ശ്രീക്കുട്ടി എന്നിവരുടെ ലളിതഗാനങ്ങൾ എന്നിവ അരങ്ങേറും. രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട 24 നഗരങ്ങളിലാണ് സംഗീത സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

**&&&&&&&&&&&&&&&&**

## നല്ലവാർത്ത

RIJU TVPM

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&

<u>മദർ ഏലീശ്വ വാഴ്ത്തപ്പെട്ട പദവി</u>

മദർ ഏലീശ്വയെ കത്തോലിക്കാ സഭയിലെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഔദ്യോഗികമായി ഇന്ന് ഉയർത്തും. എറണാകുളം വല്ലാർപാടം ബസിലിക്കയിൽ വൈകിട്ട് നാലിലാണ് ചടങ്ങ്. മാർപാപ്പയുടെ പ്രതിനിധി വാഴ്ത്തപ്പെട്ട പദവി പ്രഖ്യാപിക്കും. തുടർന്ന് മദറിന്റെ തിരുശേഷിപ്പ് വല്ലാർപാടം പള്ളിയിലെ അൾത്താരയിൽ പ്രതിഷ്ഠിക്കും.

RJU TVPM

&&&&&&&&&&&&&&&&

<u>ട്വന്റി -20 ക്രിക്കറ്റ്</u>

ഓസ്ട്രേലിയക്കെതിരായ ടി20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കാൻ ഇന്ത്യ. ജയിച്ചാൽ ടി20 പരമ്പര ഇന്ത്യക്ക് സ്വന്തമാക്കാം. ഇന്ന് ജയിച്ച് പരമ്പര സമനിലയാക്കുകയാണ് ഓസീസിൻറെ ലക്ഷ്യം. ബ്രിസ്ബെയ്നിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45 നാണ് മത്സരം.

&&&&&&&&&&&&&&&&

<u>ട്രെയിൻ യാത്ര- കേരള പോലീസ്</u>

ട്രെയിൻ യാത്രയ്ക്കിടെ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ 112 എന്ന നമ്പരിൽ പോലീസിനെ അറിയിക്കാവുന്നതാണെന്ന് കേരള പോലീസ്. ഇത്തരം സംഭവങ്ങൾ വാട്സാപ്പ് മുഖേന 94 97 93 58 59 എന്ന നമ്പറിൽ പോലീസിനെ അറിയിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ആളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്നും കേരള പോലീസ് അറിയിച്ചു.

**&&&&&&&&&&&&&&&&**

**&&&&&&&&&&&**

**&&&**

RNU TVPM